# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 626 — 07-01-2014 ലെ മറുപടിയ്ക്ക്

## അന്തർസംസ്ഥാന ലോട്ടറി മാഫിയ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പ്രദീപ് കുമാർ : | | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | അന്തർ സംസ്ഥാന ലോട്ടറി മാഫിയ വീണ്ടും ശക്തമായിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. അന്യസംസ്ഥാന ലോട്ടറികളുടെ വിൽപ്പന അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ ലോട്ടറി നിയമത്തിന്റെയും, ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും, നാഗാലാൻഡ് ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടു കൊണ്ട് മെ. ഫ്യൂച്ചർ ഗെയ്മിങ്ങ് സൊലൂഷൻസ് (പ്രൈ) ലിമിറ്റഡ് എന്ന ഏജൻസി സമർപ്പിച്ച അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | അനധികൃത ലോട്ടറി വില്പനയും ഇടപാടുകളും സംബന്ധിച്ച് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) | അനധികൃത ഭാഗ്യക്കുറി വിൽപനയുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 63 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) | സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ മൊത്തമായി വാങ്ങി സംസ്ഥാനത്തിന് പുറത്ത് കൊണ്ടു പോയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) | സംസ്ഥാന ഭാഗ്യക്കുറികൾ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്നതായി പത്ര വാർത്തയും ഭാഗ്യക്കുറി മേഖലയിലെ ട്രേഡ് യൂണിയനു കളുടെ പരാതികളും ലഭിച്ചിട്ടുണ്ട്. |
| ഡി) | കള്ളപ്പണക്കാർക്ക് ലോട്ടറി സമ്മാ നങ്ങളിലുടെ കള്ളപ്പണം വെളുപ്പി ക്കാൻ ഈ രംഗത്ത് പ്രവർത്തി ക്കുന്ന മാഫിയകൾ ശ്രമിക്കുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) & ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള സമ്മാന ക്ളെയിമുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും, ഇത്തരത്തിലുള്ള 35 കേസുകൾ ക്രൈംബ്രാഞ്ചിന് അന്വേഷണത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |

ഇ) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിൽ വെളിവായ വസ്തുതകൾ വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ